**ക്രമപ്രശ്നം**

## ബിൽ അവതരിപ്പിക്കുന്നതിലെ നിയമ തടസ്സം

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, 2003-ലെ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ 4 (2) വകുപ്പുപ്രകാരം സംസ്ഥാനത്തെ റവന്യൂ കമ്മി 2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കുമെന്നും അങ്ങനെ സംസ്ഥാനത്തെ റവന്യൂ മിച്ചം ആസ്തികളെക്കാൾ കൂടുതലുള്ള ബാധ്യതകൾ കൊടുത്തുതീർക്കാൻവേണ്ടി ഉപയോഗപ്പെടുത്തുമെന്നുമായിരുന്നു വ്യവസ്ഥ ചെയ്തത്. എന്നാൽ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്? 2015-2016-ൽ റവന്യൂ കമ്മി ജി.ഡി.പി. (Gross Domestic Product)-യുടെ 1.7 ശതമാനമായും 2016-2017-ൽ അത് 2.44 ശതമാനമായും 2017-2018-ൽ 2.41 ശതമാനമായും 2018-2019-ൽ 2.21 ശതമാനമായും 2019-2020-ൽ 1.70 ശതമാനമായും 2020-2021-ൽ 2.83 ശതമാനമായും വർദ്ധിക്കുകയാണുണ്ടായത്. കൂടാതെ 2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ ധന സംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമായി നിലനിർത്തുമെന്നും പ്രസ്തുത ആക്ടിൽ അന്ന് വ്യവസ്ഥ ചെയ്യുകയുണ്ടായി.

എന്നാൽ ഇവിടെയും ടാർജറ്റ് അച്ചീവ് ചെയ്യാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ലെന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. ധനകമ്മിയുടെ യഥാർത്ഥ സ്ഥിതി പരിശോധിച്ചാൽ, 2017-2018-ൽ 3.83 ശതമാനവും 2018-2019-ൽ 3.41 ശതമാനവും 2019-ൽ 2.79 ശതമാനവുമായിരുന്നുവെന്ന് മനസ്സിലാകും. മാത്രമല്ല, സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2017-2018-ൽ 30.40 ശതമാനമായും 2018-2019-ൽ 30.01 ശതമാനമായും 2019-2020-ൽ 29.67 ശതമാനമായും കുറയ്ക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇങ്ങനെ വ്യവസ്ഥ ചെയ്തപ്രകാരം പ്രവർത്തിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്നുള്ളത് വളരെ വ്യക്തമാണ്. 2019-2020-ലെ കടബാധ്യത 30.46 ശതമാനത്തിലെത്തി നിൽക്കുകയാണ്. ഇതോടൊപ്പം സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി നമുക്ക് കാണാൻ കഴിയും. 2016-2017-ൽ 1,25,850 കോടി രൂപയിൽ നിന്ന് 2020-2021-ൽ 2,54,447 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ sanctity തന്നെ ഇല്ലാതായിരിക്കുന്നതാണ് ഇതിൽനിന്നും നമുക്ക് കാണാൻ കഴിയുന്നത്. പാർലമെന്റ് പാസ്സാക്കിയ

പ്രസ്തുത ആക്ട് പ്രകാരം പ്രവർത്തിക്കാൻ ഗവൺമെന്റുകൾക്ക് ബാധ്യതയുള്ളതാണ്. എന്നാൽ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിനെ Fiscal irresponsibility ബില്ലാക്കി മാറ്റുകയാണ് നമ്മൾ ചെയ്തിട്ടുള്ളത്. കൊവിഡ് കാല പ്രതിസന്ധി മറികടക്കുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വായ്പാപരിധി ജി.ഡി.പി.യുടെ അഞ്ച് ശതമാനമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ, ഈ ബിൽ വീണ്ടും ഭേദഗതി ചെയ്യപ്പെടേണ്ട സാഹചര്യം നിലനിൽക്കുകയാണ്. ഇത്തരത്തിൽ സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തേണ്ട ആവശ്യമില്ല. കൂടാതെ മൂലനിയമത്തിലെ വ്യവസ്ഥകൾക്ക് വിഭിന്നമായി ഇപ്രകാരം കൂടുതൽ കടമെടുക്കുന്നതിനായി പുതിയ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത് ക്രമപ്രകാരവുമല്ല. ഈ സാഹചര്യത്തിൽ ബില്ലിന് അവതരണാനുമതി നിഷേധിക്കണമെന്ന് ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

## ബിൽ അവതരിപ്പിക്കുന്നതിലെ നിയമ തടസ്സം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നാണ് അഭിപ്രായം. കാരണം പതിനാലാം

ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം 2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുമെന്നും മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ മൂന്ന് ശതമാനമായി നിലനിർത്തുമെന്നും കടബാധ്യത 2019-2020-ൽ 29.67 ശതമാനമായി നിലനിർത്തുമെന്നും ധന ഉത്തരവാദിത്ത നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതൊരു വസ്തുതയാണ്. എന്നാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനവും ജി.എസ്.ടി. നടപ്പിലാക്കിയതിലുണ്ടായ പാളിച്ചകളും കൊവിഡ് പോലെയുള്ള സാഹചര്യങ്ങളുമെല്ലാം റവന്യൂ വരുമാനം പ്രതീക്ഷിച്ചതിൽനിന്നും ഗണ്യമായി കുറയാൻ കാരണമായി. 2018-ലും 2019-ലുമുണ്ടായ പ്രളയം റവന്യൂ വരുമാനത്തെ കൂടുതൽ പ്രതികൂലമായി ബാധിച്ചു. ഈ പ്രതികൂല സാഹചര്യം 2019-2020, 2020-2021 എന്നീ വർഷങ്ങളിൽ കൊവിഡിനെത്തുടർന്ന് കൂടുതൽ വഷളായി. 2019-2020-ൽ കേന്ദ്രസർക്കാർ 1471 കോടി രൂപ അധിക വായ്പയെടുക്കാൻ അനുമതി നൽകിയതിനെത്തുടർന്നാണ് ധന ഉത്തരവാദിത്ത ബിൽ ഭേദഗതി ചെയ്യേണ്ടതായി വന്നത്. 2020-2021 വർഷത്തിൽ 2 ശതമാനം അധിക വായ്പയെടുക്കുന്നതിന് അനുമതി ലഭിച്ചു. ആയതിനാൽ ഈ വർഷത്തേയും ധന

ഉത്തരവാദിത്ത ബിൽ ഭേദഗതി ചെയ്യേണ്ടതായിവന്നു. എഫ്.ആർ.ബി.എം. (Fiscal Responsibility and Budget Management Act) ആക്റ്റിൽ എങ്ങനെയൊക്കെ എക്സംഷനാകാമെന്ന് പറയുന്നുണ്ട്. " On grounds of national security, calamity, etc, the set targets of fiscal deficits and revenue could be exceeded" . കൊവിഡ് മഹാമരിയെത്തുടർന്ന് ആഗോള സാമ്പത്തിക മാന്ദ്യം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചതിനെത്തുടർന്നാണ് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള വായ്പാപരിധി വർദ്ധിപ്പിച്ച് നൽകിയത്. ഈ പ്രതിസന്ധി കാലഘട്ടത്തിൽ ജനങ്ങളുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലിനെത്തുടർന്ന് റവന്യൂ ചെലവ് വലിയ തോതിൽ വർദ്ധിപ്പിക്കേണ്ടതായി വന്നു. ഈ സാഹചര്യം കണക്കിലെടുത്ത് ധന ഉത്തരവാദിത്ത (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ ഡെഫിസിറ്റ് നിരക്ക് 10.07 ശതമാനമാണിപ്പോൾ. നമ്മുടേത് മൂന്ന് ശതമാനമായിരുന്നത് പ്രത്യേക സാഹചര്യത്തിൽ അഞ്ചു ശതമാനായി ഉയർന്നതിന്റെ

സാഹചര്യമറിയാവുന്നതാണ്. ലോകത്തെല്ലായിടത്തും ഈ പ്രശ്നമുണ്ട്. ഇക്കാര്യം നമ്മൾ അംഗീകരിക്കേണ്ടതാണ്. ഈ ബിൽ ഇതിനോടകം അംഗീകരിച്ച് കഴിഞ്ഞതും പലപ്പോഴായി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിയമപരമായ പ്രക്രിയയുടെ ഭാഗമായി ഇത് അവതരിപ്പിക്കേണ്ടതാണ്. ഇന്ന് പതിനൊന്ന് മണിക്കാണ് ക്രമപ്രശ്നത്തിന്റെ നോട്ടീസ് ലഭിച്ചത്. ക്രമപ്രശ്നം പോലുള്ള കാര്യങ്ങൾക്ക് ലീഗൽ കൺസൾട്ടേഷനും ഡിപ്പാർട്ടുമെന്റ് കൺസൾട്ടേഷനുമെല്ലാം ആവശ്യമുള്ളതുകൊണ്ട് അതിനുള്ള സമയംകൂടി കണക്കിലെടുത്ത് നോട്ടീസ് നേരത്തെ നൽകണമെന്നുള്ള ഒരഭ്യർത്ഥനകൂടിയുണ്ട്.

<u>മി. സ്പീക്കർ</u>: ഈ ബിൽ നേരത്തെ സർക്കുലേറ്റ് ചെയ്തിരുന്നതാണ്. പക്ഷേ, ക്രമപ്രശ്നത്തിനുള്ള നോട്ടീസ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ഇന്ന് രാവിലെ 11.30 മണിയോടുകൂടിയാണ് ലഭിച്ചത്. അതിനാൽ ഇതൊരു കീഴ്വഴക്കമായി മാറ്റാനാവില്ല. ക്രമപ്രശ്നത്തിനുള്ള നോട്ടീസ് ബന്ധപ്പെട്ട വകുപ്പുകൾക്കും മറ്റും മതിയായ സമയം ലഭ്യമാകുന്ന തരത്തിൽ നേരത്തെ തന്നെ ലഭ്യമാക്കേണ്ടതാണ്.